# വിമർശനങ്ങളോടുള്ള സമീപനം

**എം. എം. അക്ബർ**

ഏറെ വിമർശിക്കപ്പെട്ട ഒരു ദർശനമാണ് ഇസ്‌ലാം. പ്രവാചകന്മാരെപ്പോലെ വിമർശിക്കപ്പെടുകയും ഭത്സിക്കപ്പെടുകയും ചെയ്തവർ ചരിത്രത്തിൽ കുറവായിരിക്കും. അന്തിമപ്രവാചകനാവട്ടെ, ഏറെ രൂക്ഷവും ശക്തവുമായ വിമർശനങ്ങളാണ് സ്വന്തം ജനതയിൽ നിന്നുതന്നെ നേരിടേണ്ടിവന്നത്. വ്യത്യസ്ത രൂപഭാവങ്ങളിൽ ഇന്നും ഇസ്‌ലാമിനു നേരെ വിമർശനങ്ങൾ ഉതിർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സഹസ്രാബ്ദങ്ങളായുള്ള വിമർശന കൊടുങ്കാറ്റുകൾക്കു മുമ്പിൽ അടിപതറാതെ ഉജ്ജ്വലമായി ഇസ്‌ലാം പ്രകാശിച്ചുകൊണ്ടിരിക്കുന്നുവെന്നർത്ഥം.

എന്തുകൊണ്ടാണ് ഇസ്‌ലാം ഇത്രയധികം വിമർശിക്കപ്പെടുന്നത്? ദൈവികമായ മാർഗദർശനമാണ് ഇസ്‌ലാം; മനുഷ്യരുടെ ഇഹ-പര വിജയത്തിന്റെ പാത. സകലവിധ ചൂഷണങ്ങളെയും അത് നിരാകരിക്കുന്നു. ജന്മാവകശമായിക്കിട്ടുന്ന എല്ലാവിധ 'തലക്കന'ങ്ങളുടെയും അടിവേരറുക്കുന്നു ഇസ്‌ലാം. ദൈവിക മാർഗനിർദ്ദേശമനുസരി ച്ച് ജീവിതം വിമലീകരിക്കണമെന്ന ഇസ്‌ലാമികാധ്യാപനം തങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് മനസ്സിലാക്കുന്നവർ വിമർശനങ്ങളുന്നയിച്ചുകൊണ്ട് അതിനെ തമസ്കരിക്കുവാൻ പരിശ്രമിക്കുന്നു. സൃഷ്ടികർത്താവായ ദൈവവും സൃഷ്ടികളായ മനുഷ്യരും തമ്മിൽ നേരിട്ടുള്ളബന്ധമാണ് മതമെന്ന ഇസ്‌ലാമിക സങ്കൽപം ജനകീയമാവുകയാണെങ്കിൽ തങ്ങൾ തൊഴിൽ രഹിതരാകുമെന്നറിയുന്ന 'ദൈവത്തിന്റെ ദല്ലാളന്മാർ' വിമർശനങ്ങളുടെ കരിമ്പടം കൊണ്ട് അതിനെ ജനങ്ങൾക്കിടയിൽ നിന്ന് മറയ്ക്കാമെന്ന് കരുതുന്നു.

എക്കാലത്തുമുള്ള വിമർശകന്മാർ ഈ രണ്ട് തരക്കാരായിരുന്നു. ഒന്ന്, ജീവിതത്തെ ഗൗരവമായിക്കാണാത്തവർ; പരമാവധി സുഖിക്കുകയെന്ന തങ്ങളുടെ ജീവിത തത്വശാസ്ത്രത്തിന് മുമ്പിൽ ഇസ്‌ലാമിക മൂല്യങ്ങൾ തടസ്സമാകുമെന്ന് കരുതുന്നവർ. രണ്ട്, മതത്തെ തങ്ങളുടെ താൽപര്യത്തിനു വേണ്ടി ഉപയോഗിക്കുന്നവർ; ഏകദൈവാരാധന മൂലം ദൈവത്തിനും മനുഷ്യർക്കുമിടയിലെ കൂട്ടികൊടുപ്പുകാർക്ക് പ്രസക്തി നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയവർ.

വിമർശനങ്ങൾക്കും ഭത്സനങ്ങൾക്കും മുമ്പിൽ അടിപതറാതെ ഉറച്ചു നിന്നവരായിരുന്നു പ്രവാചകന്മാർ. ദൈവിക മാർഗനിർദേശങ്ങ ളിൽ ചെറിയ ചില തിരുത്തലുകൾ വരുത്തിയാൽ പ്രവാചകന്മാർക്കും അനുയായികൾക്കും നേരെ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന എല്ലാ വിധ അക്രമങ്ങളും അവസാനിപ്പിക്കാമെന്ന ഒത്തുതീർപ്പുമായി ഒരു വിധത്തിലും യോജിക്കുവാൻ അവർ സന്നദ്ധരായില്ല. സ്രഷ്ടാവിൽ നിന്നുള്ള സന്ദേശങ്ങൾ അപ്പടി സമൂഹത്തിന് എത്തിച്ചു കൊടുക്കുകയാണ് തങ്ങളുടെ കർത്തവ്യമെന്നും ദൈവിക ബോധനത്തെ സമൂഹത്തിന് ഇഷ്ടപ്പെട്ട രീതിയിൽ പരിവർത്തിപ്പിക്കുവാൻ തങ്ങൾക്ക്കഴിയില്ലെ ന്നും തുറന്ന് പറഞ്ഞവരായിരുന്നു ദൈവദൂതന്മാർ. അവരുടെ പാത പിൻപറ്റികൊണ്ട് ദൈവിക പ്രകാശത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന പ്രബോധകന്മാരുടെ ഇവ്വിഷയകമായ നയവും പരിപാടിയും ഇതുതന്നെയാണ്; ഇതു തന്നെയായിരിക്കണം.

വിമർശനങ്ങളിൽ നിന്ന് ഇസ്‌ലാമിനെ രക്ഷിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് ധരിച്ച്വശായ ചിലർ അനുവാചകർക്ക് 'ഇഷ്ടപ്പെട്ട' രീതിയിൽ മതത്തെ അവതരിപ്പിക്കുവാൻ വേണ്ടി ശ്രമിക്കാറുണ്ട്. ഇസ്‌ലാമിക മൂല്യങ്ങൾ അറേബ്യൻ സമൂഹത്തിൽ എത്രത്തോളം പ്രായോഗികമായിരുന്നുവോ, അത്രതന്നെ ആധുനിക സമൂഹത്തിലും അതിന്ന് പ്രസക്തിയുണ്ടെന്ന വസ്തുത മറന്നുകൊണ്ട് വിമർശനങ്ങളെ 'ക്ഷമാപണ' രൂപത്തിൽ നേരിടുകയും വിമർശിക്കപ്പെടുന്ന കാര്യങ്ങളെല്ലാം അറബ് സമൂഹത്തിൽ പ്രസക്തമായിരുന്നുവെന്ന് സ്ഥാപിക്കാൻ പാടുപെടുകയും ചെയ്യുന്നവർ ഇസ്‌ലാമിന്റെ സാർവ്വകാലികതയെയാണ് യഥാർത്ഥത്തിൽ ചോദ്യം ചെയ്യുന്നത്. ഇസ്‌ലാമിക നിയമങ്ങളെല്ലാം നൂറുശതമാനവും ദൈവികവും അതുകൊണ്ട് തന്നെ മാ

നവികവും സാർവ്വലൗകികവുമാണെന്ന കാര്യത്തിൽ ദൃഢജ്ഞാനമുള്ളവർ മാത്രമെ വിമർശനങ്ങൾക്ക് മറുപടി പറയുവാൻ ഒരുമ്പെടാവൂയെന്ന് പറയുന്നത് ഇതുകൊണ്ടാണ്. ഈ ദൃഢജ്ഞാനമുണ്ടാക്കുകയാകട്ടെ പ്രവാചകനെ പിൻപറ്റുന്നവരുടെയെല്ലാം ബാധ്യതയാണ്.ഖുർആൻ പഠിപ്പിക്കുന്നത് കാണുക. ‘‘(നബിയേ) പറയുക: ഇതാണ് എൻെറ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ’’. (12:108).

ഇസ്‌ലാമിലെ ഏതെങ്കിലുമൊരു വിഷയമെടുത്ത് ആരെങ്കിലും വിമർശിക്കുമ്പോഴേക്ക് ബേജാറാവേണ്ടവരല്ല പ്രബോധകന്മാർ. വനിതകളുമായി ബന്ധപ്പെട്ട നിയമങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ട് ഇസ്‌ലാം സ്ത്രീ വിരുദ്ധതയുടെ തത്വശാസ്ത്രമാണെന്നും ജിഹാദിനെയും ഖിതാലിനെയും കുറിച്ച് പറയുന്ന ഖുർആനിലും ഹദീസുകളിലേയും പരാമർശങ്ങൾ എടുത്തുകാട്ടികൊണ്ട് ഇസ്‌ലാം ഭീകരതയാണെന്നും വിമർശനങ്ങളുന്നയിക്കപ്പെട്ടേക്കാം. ഈ വിമർശനങ്ങൾക്കെല്ലാം മറുപടി പറയുമ്പോൾ ഇസ്‌ലാമിനെ നമ്മുടെ താൽപര്യത്തിനും അനുവാചകരുടെ ഇഷ്ടത്തിനുമനുസരിച്ച് വളച്ചും വിളക്കിയും വികൃതമാക്കുന്നവർ ദൈവികമതത്തോട് ചെയ്യുന്ന ക്രൂരത ചെറുതൊന്നുമല്ല. അല്ലാഹുവിന്റെ മതത്തിനെ സംരക്ഷിക്കുവാൻ അതിൽ മായം ചേർത്തുകൊണ്ട് നാമാരും തന്നെ ശ്രമിക്കേണ്ടതില്ല; പ്രസ്തുത സംരക്ഷണം അവൻ തന്നെ ഏറ്റെടുത്തതാണ്.

‘‘അവരുടെ വായ് കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണ്ണമാക്കാതെ സമ്മതിക്കയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും ശരി’’ (9:32).

കലർപ്പില്ലാത്ത ദൈവിക പ്രകാശത്തിന്റെ വാഹകരാവുവാൻ സന്നദ്ധരാവുകയാണ് പ്രബോധകർ ചെയ്യേണ്ടത്. അപ്പോൾ മാത്രമെ നമുക്ക് അല്ലാഹുവിന്റെ സഹായമുണ്ടാകൂ. പ്രസ്തുത സഹായത്തിലാണല്ലോ നമ്മുടെ പ്രതീക്ഷ.